# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:107** **07.06.2018-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന കേന്ദ്രനിയമ ഭേദഗതി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തീരദേശപരിപാലന നിയമത്തിലെ പുതിയ ഭേദഗതി മത്സ്യബന്ധന മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | എ) വിലയിരുത്തിയിട്ടുണ്ട്. |
| ബി) ഈ ഭേദഗതിയിൽ പന്ത്രണ്ട് നോട്ടിക്കൽ മൈൽ വരെ വരുന്ന കടൽ, കായൽ,നീർത്തട പ്രദേശങ്ങൾ എന്നിവയുടെ പരിപാലനാവകാശം കേന്ദ്ര സർക്കാർ ഏറ്റെടുക്കാൻ നിർദ്ദേശമുണ്ടോ;വിശദാംശം വെളിപ്പെടുത്തുമോ ; | ബി) കേന്ദ്ര/സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല. എന്നാൽ ഇവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2018-ലെ കരട് വിജ്ഞാപനത്തിൽ CRZ IV ൽ ഉൾപ്പെടുന്ന ഭാഗത്ത് വികസന പ്രവർത്തനങ്ങൾ/ പദ്ധതികൾ നടത്തുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി) ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ബാധിക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) 2018 ലെ കരട് വിജ്ഞാപനം സംബന്ധിച്ചുള്ള ആശങ്കകളും സംശയങ്ങളും ചർച്ച ചെയ്യുന്നതിനായി ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തീരദേശ മേഖലയിലെ വിവിധ രാഷ്ട്രീയ - സാമൂഹ്യ സംഘടനാ പ്രതിനിധികളും, സർക്കാർ -അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥരും 30/5/2018 ന് ഒരു അവലോകന യോഗം കൂടുകയുണ്ടായി. ഈ യോഗത്തിൽ ഉയർന്നു വന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ആഫീസർ**